# തുയിലുണർത്തുപാട്ട് ഓണം ഓർമ്മകളിൽ



K.K.Menon

ഇന്നോണത്തെക്കുറിച്ച് എഴുതുമ്പോൾ, ഓർമകളെ കുറിച്ചെഴുതാനേ സാധിക്കുകയുള്ളൂ. കാരണം ഓണം ഇന്ന് ഓർമ്മകളിൽ മാത്രമാണ്. ആ ഓർമകൾ അവിസ്മരണീയങ്ങളുമാണ്. മനസ്സിനെ ധന്യമാക്കിയിരുന്ന ചെറുപ്പകാലത്തെ അനുഭവങ്ങളും ഓർമ്മകളുടെ പൂക്കൂടകൾ  തന്നെ. എന്നും വാടാതെ മനസ്സിനെ സമാശ്വസിപ്പിക്കുന്ന, പ്രത്യാശ നൽകുന്ന, നിറഞ്ഞുനിൽക്കുന്ന വർണ്ണപുഷ്പങ്ങൾ തന്നെയാണ്.

സ്കൂൾ ജീവിത കാലങ്ങളിലേക്ക് ഒന്ന് തിരിഞ്ഞു നോക്കാം. സമൃദ്ധിയുടെ നാളുകൾ സമ്മാനിച്ച, സന്തോഷം പകർന്നിരുന്ന ഓണക്കാലം. ഉത്രാടരാത്രിയിൽ അത്താഴം കഴിഞ്ഞ് നേരത്തെ കിടന്നുറങ്ങാൻ പറയുമായിരുന്ന അച്ഛമ്മ. ആദ്യമൊന്നും കാരണമെന്താണെന്ന്  അറിഞ്ഞിരുന്നില്ല. പിന്നെ എല്ലാ വർഷങ്ങളിലും അതൊരു പതിവായി മാറിയപ്പോൾ, ഉറക്കമൊഴിച്ച് അച്ഛമ്മയുടെ വിളി കേൾക്കാനായി കാത്തിരിക്കാറുണ്ട്. പൂർണ നിലാവ് ഒഴുകി കൊണ്ട്, അണിമതി പോലും  ഓണത്തെ വരവേൽക്കാനായി ഉള്ള കാത്തിരിപ്പ്. ഏകദേശം പന്ത്രണ്ട് മണിയാകുമ്പോൾ അച്ഛമ്മയുടെ വിളി കേൾക്കാം. എഴുന്നേറ്റ് ഉമ്മറത്തെത്തുമ്പോൾ  നിലവിളക്കും, അരി, നെല്ല്, ഓണപ്പുടവ, നല്ലെണ്ണ, നേന്ത്രപ്പഴം, പപ്പടം എന്നീ  സാധനങ്ങൾ എല്ലാമൊരുക്കി ആരെയോ കാത്തിരിക്കുന്ന അച്ഛൻ, അമ്മ, അച്ഛമ്മ, സഹോദരിമാർ. ഇവരുടെ ഇടയിലേക്ക് കയറിച്ചെന്ന് അമ്മയുടെ അടുത്ത് സ്ഥാനമുറപ്പിച്ച് ഞാനും ആ കാത്തിരിപ്പിൽ പങ്കുചേരും. അധികം താമസിയാതെ ഒരു ചെണ്ടയും കൊട്ടി കൊണ്ട്, ഞങ്ങളുടെ ആശ്രിതനായി കഴിഞ്ഞിരുന്ന, വീട്ടിൽ പുറത്ത് ജോലി എല്ലാം ചെയ്തിരുന്ന  രാമനും,ഭാര്യ ഉണ്ണുനീലിയും  വന്ന് കുറച്ചു മാറി ഞങ്ങളുടെ പത്തായപ്പുരയുടെ കോലായയിൽ കയറിയിരുന്ന് തുയിലുണർത്തു പാട്ടുപാടുവാൻ തുടങ്ങും. അമ്പലത്തിലെ തേവരെ പാട്ട് പാടി ഉണർത്തുന്നതാണ് തുയിൽ ഉണർത്തൽ. വീടുകൾ തോറും പോയി തുയിലുണർത്തു പാട്ട് പാടി അവരുടെ അവകാശം വാങ്ങുക അന്നൊരു പതിവായിരുന്നു. സ്വതസിദ്ധമായ ശൈലിയിൽ വീട്ടിൽ ഓരോ അംഗത്തിന്റെയും പേരും, നാളും പറഞ്ഞു പൊലിച്ചു പാടും. അവസാനം എന്റെ പേരും  അവരെന്നെ ഉണ്ണി തമ്പുരാൻ എന്നാണ് വിളിച്ചിരുന്നത്. പാടുന്നതിന്റെ സാഹിത്യമോ അർത്ഥമോ അന്ന് അറിഞ്ഞിരുന്നില്ല. ഈ ചടങ്ങ് ഏകദേശം അരമണിക്കൂറോളം തുടരും. അതുകഴിഞ്ഞ് അവർ തിരിച്ചു പോകുമ്പോൾ, അവിടെ ഒരുക്കിവച്ച സാധനങ്ങൾ അവർക്ക് നൽകി, അവർക്ക് നന്മകൾ നേരാൻ ഞങ്ങളെ എല്ലാവരെയും അച്ഛമ്മ പറഞ്ഞ് ചട്ടം കെട്ടിയിരുന്നു.

തിരുവോണ ദിവസം രാവിലെ എഴുന്നേറ്റ് കുളി കഴിഞ്ഞു, പുതിയ ഡ്രസ്സും ഇട്ട് കൂട്ടുകാരുടെ കൂടെ മുറ്റത്ത് നടന്നിരുന്ന തലമ പന്ത്,ആട്ടത്തല്ല് എന്നീ  ആവേശകരമായ കളികളും, വിനോദങ്ങളും കാണാറുള്ള അനുഭവം പ്രത്യേകം എടുത്തു പറയേണ്ടതാണ്. അതു കഴിയുമ്പോൾ അടുത്ത വീടുകളിൽ നടക്കാറുള്ള സത്രീകളുടെ തുമ്പിതുള്ളൽ, തെരുപറകൽ എന്നീ

